(ഡി) പാട്ടത്തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.ബി.കെ. വ്യാവസായിക ആവശ്യത്തിനായി എടുത്തിട്ടുള്ള വായ്പ മുഴുവൻ വീട്ടുന്നതുവരെ പാട്ടവാടക ഈടാക്കുന്നത് മരവിപ്പിച്ചുകൊണ്ട് സർക്കാർ ജി. ഒ. (എംഎസ്.) 21/2003/എ. ഡി. തീയതി 27-1-2003 പ്രകാരം ഉത്തരവായിട്ടുണ്ട്.

വനഭൂമിയുടെ വിസ്തീർണ്ണം കുറയുവാനുള്ള കാരണം

102 [3384] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം എത്രയായിരുന്നു;

(ബി) കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം എത്ര പ്രാവശ്യം തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ പ്രാവശ്യം തിട്ടപ്പെടുത്തുമ്പോഴും വിസ്തീർണ്ണം എത്രയായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) വനഭൂമിയുടെ വിസ്തീർണ്ണം കുറയുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) നാളിതുവരെ എത്ര വിസ്തീർണ്ണം വനഭൂമിക്ക് പട്ടയം കൊടുത്തിട്ടുണ്ടെന്നും പത്ത് ഏക്കറിൽ കൂടുതൽ പട്ടയം നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ മൊത്തം വനവിസ്തൃതി 11221 ചതുരശ്ര കിലോമീറ്റർ ആണ്.

(ബി) സംസ്ഥാന രൂപീകരണത്തിനുശേഷം കേരളത്തിൽ വനവിസ്തൃതി നിർണ്ണയിച്ചിട്ടില്ല.

(സി) അനധികൃത വനം കൈയേറ്റംമൂലവും സർക്കാർ ആഭിമുഖ്യത്തിൽ വനഭൂമി വനേതരാവശ്യങ്ങളായ ജലവൈദ്യുത/ജലസേചന പദ്ധതികൾക്ക് നൽകുന്നത് വഴിയും ഇതര വികസന പ്രവർത്തനങ്ങൾക്ക് നൽകുന്നതുവഴിയുമാണ് വനവിസ്തൃതി കുറഞ്ഞിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ നടപടി

103 [3386] ശ്രീ. പി. ടി. തോമസ്:
,, വി. ബാലറാം:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly